Volume- 16
Issue- 31
05 February 2017

എമ്മാവൂസ്
വചനദൂത്

ദനഹാക്കാലം അഞ്ചാം ഞായർ യോഹ. 3:14-21

# വിശ്വാസം ജീവിക്കുക

ബ്ര. ലിബിൻ കിഴക്കുംഭാഗം

പ്രവർത്തിയോടു കൂടിയ വിശ്വാസം

സുവിശേഷത്തിലുട നീളം രക്ഷ നേടുവാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി ക്രിസ്തുവിനെ സമീപിക്കുന്ന അനേകം വ്യക്തികളെ നാം കണ്ടുമുട്ടുന്നു. ധനികനായ യുവാവും നിക്കേദേമൂസും ഒക്കെ ഈ ഗണത്തിൽ പെടുന്നവരാണ്. റോമാക്കാരുടെ അധിനിവേശത്തിൽ കഴിഞ്ഞിരുന്ന യഹൂദ ജനതയെ സംബന്ധിച്ചിടുത്തോളം രക്ഷാ എന്ന മൂല്യപദത്തിന് രണ്ട്മാനങ്ങൾ ഉണ്ടായിരുന്നതായി നമുക്ക് മനസ്സിലാക്കാം. അടിമത്തത്തോളം പോന്ന അധിനിവേശത്തിൽ കഴിഞ്ഞിരുന്ന അവർ ദൈവീകമായ ഒരു രക്ഷ എന്നതിനോടൊപ്പം തന്നെ സാമൂഹികവും രാഷ്ട്രീയവുമായ ഒരു രക്ഷ ആഗ്രഹിച്ചിരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിലേക്കാണ് ദൈവീകരക്ഷയെക്കുറിച്ച് അല്ലെങ്കിൽ ആത്മാവിന്റെ രക്ഷയെക്കുറിച്ച് പ്രസംഗിച്ചുകൊണ്ട് യേശു കടന്നുവരുന്നത്.

ശക്തനായ ഒരു രാഷ്ട്രീയ അല്ലെങ്കിൽ സാമൂഹിക നേതാവിനെ പ്രതീക്ഷിച്ചിരുന്നവരുടെ ഇടയിലേക്ക് ആത്മീയതയുടെ പുതിയ പാഠങ്ങളുമായി ക്രിസ്തു കടന്നുവരുന്നു. അവരെ സംബന്ധിച്ചിടത്തോളം തികച്ചും അപരിചിതവും വ്യത്യസ്തവുമായ പ്രബോധനങ്ങൾ. ക്രിസ്തുവിന്റെ ഭാഷയും പ്രബോധന ശൈലിയും ഏവരെയും ആകർഷിച്ചെങ്കിലും അവനെ മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു. അല്ലെങ്കിൽ തന്നെ വീന്നും ജനിക്കുന്നില്ല എങ്കിൽ ഒരുവനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയിൽ എന്ന് ക്രിസ്തു നിക്കദേമോസിനോട് പറഞ്ഞ വാക്കുകൾ നമുക്കും അത്രയങ്ങോട്ട് മനസ്സിലായിട്ടൊന്നുമില്ല. അന്നവനെ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു പോയവരോടും ഇന്ന് അവനെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടാൻ സാധ്യതയുള്ള നമ്മളോടും ക്രിസ്തുവിന് പറയാൻ ഒരു കാര്യം മാത്രമേയുള്ളൂ, അതാണ് ഇന്നത്തെ സുവിശേഷം. നിക്കേദേമോസിന്റെ ചോദ്യങ്ങൾക്ക് ക്രിസ്തു കൊടുത്ത മറുപടികൾ ഇന്ന് നമ്മൾ വിചിന്തന വിഷയമാക്കുമ്പോൾ ഓർക്കുക. അത് ഞാനും നിങ്ങളും ഈ ലോകം മുഴുവനും ചോദിച്ചിട്ടുള്ള സകല ചോദ്യങ്ങൾക്കും കൂടിയുള്ള ക്രിസ്തുവിന്റെ മറുപടിയാണ്. എന്നാൽ അതു മനസ്സിലാക്കുന്നതിൽ ഞാനും നിങ്ങളും ഈ ലോകം മുഴുവനും പരാജയപ്പെടുകൊണ്ടിരിക്കുന്നു.

യോഹന്നാന്റെ സുവിശേഷം 3:17 വാക്യത്തിൽ ക്രിസ്തു നിക്കേദേമോസിന്റെ ചോദ്യത്തിന് ഇപ്രകാരം



ഒരു മറുപടി പറയുന്നുണ്ട്. പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യൻ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മനിറഞ്ഞതായിരുന്നു.എപ്പോഴും ചോദ്യങ്ങൾ എല്ലാം നമുക്ക് വ്യക്തമാണ്. നമുക്ക് വിശ്വാസമുണ്ട്. എന്നാൽ നമ്മുടെ വിശ്വാസം നമ്മുടെ പ്രവൃത്തികൾക്കൊണ്ട് സാധൂകരിക്കപ്പെടുന്നില്ല എന്നുള്ളതാണ് വാസ്തവം. പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ വ്യക്തമായി പറഞ്ഞു പഠിപ്പിക്കുന്നുണ്ട്, പ്രവൃത്തികൾക്കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണെന്ന സത്യം.

വിശ്വാസം വാക്കുകൾക്കും ചിന്തകൾക്കും അപ്പുറം നമ്മുടെ പ്രവൃത്തികളിലൂടെയാണ് തെളിയക്കപ്പെടേണ്ട

ത്. അതിന് സാധിക്കുന്നില്ല എങ്കിൽ തികച്ചും നിർജ്ജീവമായ വിശ്വാസത്തിന് ഉടമകളായിരിക്കും നമ്മൾ. അല്ലെങ്കിൽ നമ്മുടെ ഈ പള്ളിയിൽവരവിനും കുർബാനയർപ്പണത്തിനും വേദപഠനങ്ങൾക്കും നമ്മൾ ചൊല്ലിത്തീർക്കുന്ന പ്രാർത്ഥനകൾക്കും പിന്നെ എന്തർത്ഥം. വചനത്തിൽ വായിച്ചതുപോലെ പ്രകാശം ലോകത്തിലേക്ക് വന്നിട്ടും അതിനെ മനസ്സിലാക്കാത്തവരായി, അത് അനുഭവിച്ചിട്ടും അംഗീകരിക്കാത്തവരായി നാം ജീവിതം തുടർന്നുകൊണ്ടിരിക്കുന്നു.

വായനക്കിടിയിൽ മനസിൽ തങ്ങിയൊരു ശരിയാണ് എന്ന് തോന്നുകയും ഒത്തിരിയേറെ ചിന്തകൾക്ക് വഴിയൊരുക്കികയും ചെയ്ത ഏതോ ഒരു ആത്മീയ എഴുത്തുകാരന്റെ യഥാർത്ഥ്യം ഉൾക്കൊണ്ട വാക്കുകൾ ഇപ്രകാരമാണ്: 'ബൈബിൾ വായിച്ചപ്പോൾ എനിക്ക് തോന്നി ഈ ഭൂമിയിലേക്കും വച്ച് ഏറ്റവും മോശപ്പെട്ടവനും ആത്മാർത്ഥയില്ലാത്തവനുമായ വ്യക്തി ഞാനാണ് എന്ന്. എന്നാൽ ദിനപത്രം വായിച്ചപ്പോൾ എനിക്ക് തോന്നി ഈ ഭൂമിയിൽ മറ്റെന്നാവരേക്കാൾ നല്ലവൻ ഞാൻ മാത്രമാണെന്ന്. അതുകൊണ്ട് ഈയിടയായി ബൈബിൾ വായന സാരമായി കുറഞ്ഞു. എല്ലാ ദിനപത്രങ്ങളും വരുത്താൻ തുടങ്ങിയെണ്ട്. വചനം പറയുന്നു: തിന്മ പ്രവൃത്തിക്കുന്നവർ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിച്ചത്ത് വരാതിരിക്കേണ്ടതിന് അവൻ വെളിച്ചത്തു വരുന്നുമില്ല.

നാം ആരും തിന്മപ്രവൃത്തിക്കാൻ മനസ്സുകൊണ്ട് ആഗ്രഹിക്കുന്നവരല്ല. പ്രകാശത്തെ വെറുക്കുന്നവരുമല്ല. പക്ഷേ, തിന്മപ്രവൃത്തിക്കാനും പ്രകാശത്ത വെറുക്കാനമുള്ള പ്രലോഭനത്തിലൂടെ അനുദിനം കടന്നുപോകുന്നവരാണ്. എന്നാൽ നമുക്ക് പ്രതീക്ഷയുണ്ട്. എന്തെന്നാൽ മോശ രക്ഷയ്ക്കുവേണ്ടി മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയ

